പ്രവാസികൾ (NRIS)/ഇന്ത്യൻ വംശജർ (PIOS) എന്നിവർക്ക് അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇഷ്യൂ ചെയ്യൽ

ഭാരതീയ റിസർവ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്ര കാര്യാലയം
മുംബൈ 400001

എ പി (ഡി ഐ ആർ സീരീസ്) സർക്കുലർ നമ്പർ 59 ഡിസംബർ 9, 2002

എല്ലാ അംഗീകൃത വിദേശ നാണ്യ വിനിമയ ഡീലർമാർക്കും

മാഡം/സർ

**പ്രവാസികൾ (NRIS) /ഇന്ത്യൻ വംശജർ (POIS) എന്നിവർക്ക് അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇഷ്യൂ ചെയ്യൽ**

അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകളുടെ (ICCS) ഉപയോഗവുമായി ബന്ധപ്പെട്ട 2002, ജൂൺ 27 ന് പുറപ്പെടുവിച്ച എ പി ഡി ഐ ആർ സീരീസ്സ് സർക്കുലർ നമ്പർ 53ലേക്കും അതിനെ തുടർന്ന് വിശദീകരണമെന്ന നിലയിൽ 2002, നവംബർ 5 ന് പുറപ്പെടുവിച്ച എ പി ഡി ഐ ആർ സീരീസ്സ് സർക്കുലർ നമ്പർ 4ലേക്കും അംഗീകൃത ഡീലർമാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം പ്രവാസികൾ (NRIS) /ഇന്ത്യൻ വംശജർ (PIOS) ഇൻവേർഡ് റിമിറ്റൻസ് അല്ലെങ്കിൽ അവരുടെ പ്രവാസി (external) റുപ്പീ അക്കൗണ്ടുകൾ (NRE)/വിദേശ കറൻസി (പ്രവാസി) അക്കൗണ്ടുകൾ (ബാങ്കുകൾ) (FCNR) എന്നിവ വഴി മാത്രമാണ് അവരുടെ ICCS ഉപയോഗിച്ചതിന്റെ ചാർജ്ജുകളുടെ കണക്കുകൾ തീർക്കേണ്ടത് പുനരാലോചനയിൽ കാർഡ് കൈവശക്കാരുടെ പ്രവാസി (സാധാരണ) റുപ്പീ അക്കൗണ്ടുകൾ (NRO) വഴിയും ക്രെഡിറ്റ് കാർഡ് ചാർജുകളുടെ കണക്ക് തീർക്കാനുള്ള അനുമതി നൽകാമെന്ന തീരുമാനമായിട്ടുണ്ട്. അതുപ്രകാരം, അംഗീകൃത ഡീലർമാർക്ക് ഇന്ത്യയിലെ ബാങ്കുകൾ ഇഷ്യൂ ചെയ്തിട്ടുള്ള ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കാവുന്ന കാർഡ് പരിധിവരെ NRI/PIO ഘടകങ്ങളുടെ NRO അക്കൗണ്ടുകളിലേക്ക് ഡെബിറ്റ് ചെയ്യാൻ സമ്മതം നൽകാം.
അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ദേശവാസികൾ ഉപയോഗിക്കുമ്പോൾ ഉള്ള നിബന്ധനകൾക്ക് വിധേയമായിരിക്കും ഈ ഡെബിറ്റുകൾ.

3. അംഗീകൃത ഡീലർമാർ ഈ സർക്കുലറിന്റെ ഉള്ളടക്കങ്ങൾ അവരുടെ ബന്ധപ്പെട്ട ഘടകങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.

4. വിദേശ നാണ്യ വിനിമയ മാനേജ്മെന്റ് (നിക്ഷേപം) റെഗുലേഷൻ) 2000 ൽ വരുത്തുന്ന ആവശ്യ ഭേദഗതികൾ പ്രത്യേകമായി അറിയിക്കുന്നതാണ്.

5. ഈ സർക്കുലറിൽ ഉൾക്കൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ 1999ലെ (42 of 1999) വിദേശ നാണ്യ വിനിമയ മാനേജ്മെന്റ് ആക്ടിന്റെ, സെക്ഷൻ 10 (4) ന്റെയും സെക്ഷൻ 11 (1) ന്റെയും കീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

വിശ്വസ്തതയോടെ

ഗ്രേസ് കോശി

ചീഫ് ജനറൽ മാനേജർ